കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള ഗാന്ധി സ്മാരക നിധി എന്ന സ്ഥാപനത്തിന് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം അനുവദിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2379/ 2018/തസ്വഭവ തിരുവനന്തപുരം, തീയതി, 07.09.2018

പരാമർശം :- 1 സ.ഉ(കൈ)നം.22/ 2018/ തസ്വഭ,തീയതി, 14/ 02/ 2018

2. കേരള ഗാന്ധി സ്മാരക നിധി സെക്രട്ടറിയുടെ 30.05.2018-ലെ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ തീരുമാനം നം. 4.23

ഉത്തരവ്

പരാമർശം (1) ലെ മാർഗ്ഗരേഖ പ്രകാരം ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ഖാദി ബോർഡിൽ രജിസ്റ്റർ ചെയിതിട്ടുള്ള സഹകരണ സംഘങ്ങൾക്കും ബോർഡ് നേരിട്ട് നടത്തുന്ന യൂണിറ്റുകൾക്കുമാണെന്നും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കേരള ഗാന്ധി സ്മാരക നിധി അടക്കമുള്ള സ്ഥാപനങ്ങൾക്കും ധനസഹായം നൽകണമെന്ന് മുകളിൽ പരാമർശിച്ച കത്ത് പ്രകാരം കേരള ഗാന്ധി സ്മാരക നിധി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) 13.08.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.23 നമ്പർ തീരുമാനപ്രകാരം കേരള ഗാന്ധി സ്മാരക നിധി വിശദമായ പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ കേരള ഗാന്ധി സ്മാരക നിധി എന്ന സ്ഥാപനത്തിന് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും ,എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുംപഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള ഗാന്ധി സ്മാരക നിധി, ഗാന്ധി ഭവൻ, തൈക്കാട് പി.ഒ., തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ